വിബ്ജിയിയോർ ഹ്രസ്വചലച്ചിത്രമേള പ്രവർത്തകരായ വിദ്യാർത്ഥികളെയും സിനിമാറ്റോഗ്രാഫറായ നീതു എന്ന യുവതിയേയും അകാരണമായി കസ്റ്റഡിയിലെടുക്കുകയും മർദ്ദിക്കുകയും കള്ളക്കേസിൽ കുടുക്കുകയും സംഭവമറിഞ്ഞ് പ്രശ്നത്തിൽ ഇടപെടാനെത്തിയ പൊതുപ്രവർത്തകയായ അഡ്വ. ആശയേയും അവരുടെ മകളേയും ക്രൂരമായി മർദ്ദിക്കുകയും ചെയ്ത തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ എസ്.ഐ ലാൽകുമാറിനും സഹപോലീസ് സംഘത്തിനും എതിരെ പ്രതിഷേധം വ്യാപകമാകുന്നു

# സാംസ്കാരിക നഗരത്തിലെ പോലീസ്രാജിനെതിരെ

2014 ഫെബ്രുവരി 22, ശനിയാഴ്ച രാത്രി പത്തുമണിയോടെ തൃശൂർ സംഗീത നാടക അക്കാദമിയുടെ മുന്നിൽ ഓട്ടോ കാത്തുനിൽക്കുകയായിരുന്ന ചലച്ചിത്ര വിദ്യാർത്ഥികളും വിബ്ജിയിയോർ പ്രവർത്തകരുമായ നാല് യുവാക്കളെയും നീതു എന്ന സിനിമാറ്റോഗ്രാഫറായ പെൺകുട്ടിയെയും കസ്റ്റഡിയിലെടുക്കുകയും ക്രൂരമായി മർദ്ദിക്കുകയും പൊതുസ്ഥലത്ത് മദ്യപിച്ചുവെന്നും പോലീസിനെ ആക്രമിച്ചുവെന്നുമുള്ള കള്ളകേസുകൾ എടുക്കുകയും ചെയ്ത പോലീസ് നടപടിയിൽ സാംസ്കാരിക പ്രവർത്തകരും പൊതുപ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരുമടങ്ങുന്ന ഈ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

പോലീസ് യുവാക്കളെ ഉപദ്രവിച്ചുകൊണ്ടിരിക്കെ സംഭവം അറിഞ്ഞ് സ്ഥലത്തെത്തുകയും പ്രശ്നത്തിൽ ഇടപെടുവാൻ ശ്രമിക്കുകയും ചെയ്ത അഡ്വക്കെറ്റ് ആശയെയും മകനെയും പ്രായപൂർത്തിയാകാത്ത മകളെയും മർദ്ദിക്കുകയും വലിച്ചിഴയ്ക്കുകയും മകനെതിരെ കേസെടുക്കുകയും ചെയ്ത തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ പോലീസുകാർക്കെതിരെയും അതിന് നേതൃത്വം നൽകിയ എസ്.ഐ. ലാൽകുമാറിനെതിരെയും നിയമനടപടികൾ സ്വീകരിക്കണം എന്ന് യോഗം ആവശ്യപ്പെടുന്നു.

യുവാക്കളെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിക്കുകയും നീതുവിനെ ലൈംഗികമായിപോലും അധിക്ഷേപിക്കുകയും പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെപോലും ദേഹോപദ്രവം ഏൽപിക്കുകയും തന്റെ ജോലി ചെയ്യാൻപോലും അനുവദിക്കാതെ അഡ്വക്കെറ്റ് ആശയെ ചവിട്ടി പരിക്കേൽപ്പിക്കുകയും നിലത്തിട്ടു വലിക്കുകയും ചെയ്ത പോലീസുകാരുടെ ക്രൂരതയ്ക്കെതിരെ കേരളത്തിന്റെ മനസാക്ഷി ഉണരണം എന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മർദ്ദനത്തിന് അഡ്വക്കേറ്റ് ആശയ്ക്കും നീതുവിനും ആശയുടെ പ്രായപൂർത്തിയാകാത്ത മക്കൾക്കും സാരമായ പരിക്കുകൾ പറ്റുകയും മൂന്ന് യുവാക്കളുടെ എല്ലുകൾ പൊട്ടിയിട്ടുമുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നല്കേണ്ട പോലീസ് അവരുടെ സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തി അന്യായമായി മണിക്കൂറുകളോളം കസ്റ്റഡിയിൽ വയ്ക്കുകയും ദേഹോപദ്രവം ഏൽപിക്കുകയും ലൈംഗികമായിപോലും അവരെ അധിക്ഷേപിക്കുകയും ചെയ്യുന്നതിനെ കേരള സമൂഹം ശക്തമായി പ്രതികരിക്കണം എന്നും കുറ്റവാളികളായ പോലീസുകാർക്കെതിരെ നിയമനടപടികൾ കൈകൊള്ളാൻ ഒറ്റക്കെട്ടായി ആവശ്യപ്പെടണം എന്നും യോഗം അഭ്യർത്ഥിക്കുന്നു. സാംസ്കാരിക പ്രവർത്തകർക്കെതിരെയും വിബ്ജിയോറിനെതിരെയും കാലാകാലങ്ങളായി പോലീസ് നടത്തുന്ന ആക്രമണം അവസാനിപ്പിച്ച് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ സമാധാനാന്തരീക്ഷം വീണ്ടെടുക്കാനുള്ള നടപടികൾ അധികൃതർ കൈക്കൊള്ളണം എന്നും യോഗം ആവശ്യപ്പെടുന്നു. *ബന്ധങ്ങൾക്ക്: 9809477058*

രിൽ മാത്രമാണ് ചരിത്രപശ്ചാത്തലം കാണാനാകുന്നത്.

എന്തായാലും ശ്രീനാരായണഗുരുവിനെപോലുള്ള നവോത്ഥാന നായകർ ജീവിച്ചിരുന്ന കാലത്ത് മാതൃഭൂമിക്കും മനോരമക്കും പ്രാമുഖ്യമില്ലാതിരുന്നത് നന്നായി. അരുവിപ്പുറം പ്രതിഷ്ഠ നടക്കുന്നത് 1888ലാണ്. ആ വർഷം മനോരമ തുടങ്ങുന്നതേയുള്ളൂ. പിന്നെയും ദശാബ്ദങ്ങൾ കഴിഞ്ഞാണ് മാതൃഭൂമി വരുന്നത്. അരുവിപ്പുറം പ്രതിഷ്ഠ വാർത്തയാക്കാതെ, അതിനെതിരേ ഏതെങ്കിലും ബ്രാഹ്മണന്റെ ശാപവചനങ്ങളോടെയുള്ള എതിർപ്പ് വന്നാൽ മാത്രം വാർത്തയാക്കുന്ന പത്രപ്രവർത്തനം അന്ന് ലക്ഷക്കണക്കിന് കോപ്പികളിലൂടെ ജനങ്ങളിലെത്തിയിരുന്നെങ്കിൽ കേരളത്തിൽ നവോത്ഥാനം നടക്കില്ലായിരുന്നു. അഥവാ മാതൃഭൂമിക്കും മനോരമയ്ക്കും പ്രചാരമില്ലാതിരുന്ന കാലത്തെയാണ് നാം നവോത്ഥാന കാലമെന്ന് പറയുന്നത്. ഇത്രയും പ്രചാരമില്ലാതിരുന്നതുകൊണ്ട് കേരളത്തിന്റെ നവോത്ഥാനം തടയാൻ മാതൃഭൂമിക്കും മനോരമക്കും അന്ന് കഴിയാതെപോയി. ലക്ഷക്കണക്കിന് കോപ്പികളുടെ പ്രചാരമുള്ളതുകൊണ്ട് ഫാസിസത്തെ കേരളത്തിലേക്ക് ആനയിക്കാൻ ഇന്ന് അവർക്ക് കഴിഞ്ഞേക്കും. ഭയം വിതച്ച് ചലച്ചിത്ര മേളകൾ പോലുള്ള ആവിഷ്കരണോപാധികളെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങൾ ഒരു ഭാഗത്തു നടക്കുന്നു. നുണ നൂറുവട്ടം ആവർത്തിച്ചാൽ സത്യമാകുമെന്ന ഗീബൽസിയൻസിദ്ധാന്തവുമായി മുഖ്യധാരാ മാധ്യമങ്ങൾ അവരുടെയൊപ്പം കൂടുന്നു.

അന്തരീക്ഷത്തിൽ ഹിറ്റ്ലർ മണക്കുന്നു. ■